# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത* *19/06/2018-ലെ മറുപടി*
*ചോദ്യം നമ്പർ : 3350*

### *ദേശീയ ജലപാത പദ്ധതി*

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. ഉമ്മർ** | **പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** |
| **(എ)** സംസ്ഥാനത്തെ ജലപാതകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | **(എ)** ഉണ്ട്; 2018 ഫെബ്രുവരി 12-ാം തീയതി ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജലപാതകളുടെ പ്രവർത്തന പുരോഗതി വിശദമായി വിലയിരുത്തിയിട്ടുണ്ട്. ആയതിനുശേഷം ചീഫ് സെക്രട്ടറി, ജലവിഭവവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് ജലപാതകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിർമ്മാണ പുരോഗതി അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| **(ബി)** ജലഗതാഗതത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | **(ബി)** തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർകോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള 616 കി.മീ. നീളം വരുന്ന വെസ്റ്റ്കോസ്റ്റ് കനാലിന്റെ നിലവിൽ കനാലുള്ള ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ജലപാതാ വികസനവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന പൊതുമേഖലാ സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി കനാൽ പശ്ചിമ തീരത്തെ 10 ജില്ലകളിൽ കൂടി കടന്നു പോകുന്നു. |

ചരക്ക് നീക്കത്തിന്റെ ഒരുഭാഗം ജലപാത വഴി ആക്കുന്നതിനുമുള്ള പദ്ധതികളാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഗതാഗതയോഗ്യമായ കായലുകളിലും നാവിഗേഷൻ കനാലുകളിലും ചരക്കുഗതാഗതം അനുവദനീയമാണ്. ഉൾനാടൻ ജലമാർഗ്ഗം വഴിയുള്ള ചരക്കുഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ടൺ ചരക്കിന് ഒരു കി.മീ. ദൂരത്തിന് ഒരു രൂപാ നിരക്കിൽ സബ്സിഡിയും നൽകുന്നുണ്ട്.

**(സി)** ജലപാതകളുടെ പുരോഗതിക്കായി കർമ്മപദ്ധതികൾ നടപ്പിലാക്കിയപ്പോൾ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ കഴിഞ്ഞ പത്ത് വർഷത്തെ വർദ്ധനവ് വർഷം തിരിച്ച് നൽകാമോ ?

**(സി)** ജലപാതകളുടെ വികസനപ്രവർത്തനങ്ങൾക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മൂന്നു ഘട്ടങ്ങളിലായി ദേശീയ ജലപാതാ നിലവാരത്തിൽ വെസ്റ്റ്-കോസ്റ്റ് കനാലിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ജലപാതാ നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് യാത്രാ സർവ്വീസ്, ചരക്കുനീക്കം, ടൂറിസം എന്നിവയിലൂടെയുള്ള വരുമാനവർദ്ധനവ് ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**